സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധികഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 30-3-2015-ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/പജ.പവ.വിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി അനുവദിച്ച വീടുകൾ

312 (978) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി 2011-12 മുതൽ 2014-15 വരെയുള്ള ഓരോ വർഷവും അനുവദിച്ച വീടുകൾ എത്രയെന്നും നിർമ്മാണം പൂർത്തിയാക്കിയ വീടുകൾ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി 2011-12 മുതൽ 2014-15 വരെ അനുവദിച്ചതും പൂർത്തിയായതുമായ വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

വർഷം	അനുവദിച്ച വീടുകൾ	6-6-2015 വരെ പൂർത്തിയായ വീടുകൾ
2011-12	3500	2676
2012-13	5000	3678
2013-14	6400	2886
2014-15	4500	689

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനാനുകൂല്യങ്ങൾ

313 (979) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിവിധ പഠനാനുകൂല്യങ്ങൾ എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് പറയാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) മൂന്ന് വർഷത്തിലൊരിക്കൽ വിദ്യാർത്ഥികളുടെ പഠനാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഒരു തവണ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) 2015-16 അദ്ധ്യയനവർഷം മുതൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ സംരംഭം

314 (980) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ സംരംഭത്തിനുള്ള 2.90 കോടി രൂപയുടെ ഭരണാനുമതി 2011-ൽ നൽകിയിരുന്നോ ;

(ബി) ആയതിന്റെ നിർവ്വഹണ ചുമതല കെപ്കോയെ ഏൽപ്പിച്ചുകൊണ്ട് ധാരണാപത്രം ഒപ്പു വെച്ചിരുന്നോ ; എങ്കിൽ അത് എന്നാണെന്നും ആരെല്ലാം തമ്മിലാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവർത്തന ഫണ്ട് കെപ്കോയ്ക്ക് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ജില്ലകളിൽ നിന്നും എത്ര പട്ടികജാതി സ്വയം സഹായ സംഘങ്ങളിലൂടെ പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ധാരണാപത്രമനുസരിച്ച് പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്തം ആർക്കായിരുന്നുവെന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly